**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** | **14-03-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയുടെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 മഹാമാരിയുടെ ആഘാതം കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വിപരീത വളർച്ചയ്ക്ക് കാരണമായിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരി ബാധിച്ചതിനെ തുടർന്ന് 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 71.36 ശതമാനവും, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.86 ശതമാനവും ഇടിവ് ഉണ്ടായി. 2021 ലും വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 2020 ന് സമാനമായ നെഗറ്റീവ് വളർച്ചാ നിരക്ക് തന്നെയാണ് (-82.25 ശതമാനം). എന്നാൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2020 നെ അപേക്ഷിച്ച് 2021 ൽ 51.09 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 2021 ലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2019 ഉം ആയി താരതമ്യം ചെയ്യുമ്പോൾ 59 ശതമാനത്തിന്റെ കുറവ് ഉള്ളതായി കാണുന്നു. ഇതിൽ നിന്നും കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദസഞ്ചാര രംഗത്ത് സഞ്ചാരികളുടെ വരവിൽ നെഗറ്റീവ് വളർച്ചയ്ക്ക് കാരണമായിട്ടുണ്ട് എന്ന് കാണാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കേരള വിനോദസഞ്ചാര മേഖലയ്ക്ക് കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതം പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെൻറ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്.ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്വ ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി |

സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പാക്കിവരുന്നു. ഇതനുസരിച്ച് ടൂറിസം മേഖലയിൽ ജോലി ചെയ്യുന്ന ഓരോ തൊഴിലാളിക്കും പരമാവധി പതിനായിരം രൂപവരെ പലിശരഹിത, ഉപാധിരഹിത വായ്പയായിവിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ഒരു ബയോ ബബിൾ സംവിധാനത്തിന് കീഴിൽ കൊണ്ടു വരുന്നതിനായി ഈ രംഗത്തെ സംരഭകരുമായി ചേർന്ന് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക വഴി കേരളത്തിലെത്തുന്ന എല്ലാ വിനോദസഞ്ചാരികളും പ്രതിരോധ വാക്സിനേഷൻ എടുത്തവരുമായി മാത്രം ഇടപഴകുന്ന വിധത്തിൽ സംരക്ഷണ വലയം തീർത്തിട്ടുണ്ട്. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന വിവിധ വിപണന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. "ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ വഴിയും കേരള ടൂറിസത്തിന്റെ വെബ് സൈറ്റ് വഴിയും വിർചൽ ടൂർ ക്യാമ്പയിൻ നടത്തുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള

| | | | |
|---|---|---|---|
| | | | അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തി വരുന്നുണ്ട്. നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'കാരവൻ ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാം പുറമെ നാഷണൽ ഇന്റർനാഷണൽ റീ ഓപ്പണിംഗ് ക്യാമ്പയിനും ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ